## Notes

# ICA Sunday Service

Sunday Service @ 9:30 am & 11: 15 am
Sunday School @ 11:15 am

India Christian Assembly
88-40, 192nd Street, Hollis, NY—Tel.718.776.3647
Pastor: Rev. Samuel John 516.361.7575
www.nyica.org, pastor@nyica.org

# Welcome to ICA Sunday Service

**Date : November 08, 2015**

EST. 1968

# WEEKLY ICA VOICE

## THIS WEEK'S MEETING

WEDNESDAY NIGHT PRAYER @ 07:00 PM AT ICA
FRIDAY FASTING AND PRAYER @10:00 AM AT ICA
SATURDAY PRAYER @ 07:00 PM AT ICA

## എന്നെക്കുറിച്ചുള്ള സാക്ഷ്യം എന്ത്?

ഒരാളുടെ വേർപാടിനെക്കുറിച്ച് നാം കേൾക്കുമ്പോൾ സാധാരണയായി ഓരോരുത്തരും തങ്ങളുടെ ജീവിതത്തെക്കുറിച്ച് ചിന്തിക്കുവാൻ സ്വയമായും മറ്റുള്ളവരോടും പറയും. ചില മാസങ്ങൾക്കു മുൻപേ ഒരു സഹോദരന്റെ വേർപാട് സമയത്ത് അദ്ദേഹത്തിന്റെ സഹോദരന്മാരുടെ വീടുകളിൽ പോകുവാൻ ഇടയായി. ആദ്യത്തെ വീട്ടിൽ ചെന്നപ്പോൾ ജ്യേഷ്ഠ സഹോദരന്റെ സ്നേഹത്തെയും കരുതലിനെയും കുറിച്ചൊക്കെ ആദരവോടെ പറഞ്ഞു വിതുമ്പിക്കരയുന്ന അനുജത്തിയെയും വിഷാദിച്ചിരിക്കുന്ന കുഞ്ഞുങ്ങളെയും തങ്ങളുടെ കുടുംബ ബന്ധങ്ങളെയും തമ്മിലുള്ള സ്നേഹാധിക്യത്തെയും പറ്റി പറയുന്ന ഒരു കസിനെയും കണ്ടു. അടുത്ത വീട്ടിൽ ചെന്നപ്പോഴും അങ്ങനെ തന്നെ ജ്യേഷ്ഠന്റെ ഗുണഗണങ്ങളെ ഏറ്റുപറയുന്ന അനുജനും അനുജത്തിയും തങ്ങളുടെ ഓർമ്മകളെ അയവിറക്കി ദുഖിച്ചിരിക്കുന്ന മക്കളും.

വാസ്തവമായും എന്റെ ജീവിതത്തെക്കുറിച്ച് അയവിറക്കുവാൻ ഉള്ള ഒരു അവസരം ആയിരുന്നു അത്. രണ്ടു പേരുടെ ജീവിതാന്ത്യത്തിൽ അവരെക്കുറിച്ച് ദൈവവചനം പറയുന്നത് ഞാൻ ഓർത്തു.(1)യെഹോരാം ആർക്കും ഇഷ്ടനാകാതെ കഴിഞ്ഞുപോയി. 2 ദിനവൃത്താന്തം 21:20. (2) മൊർദ്ദെഖായി അഹശ്വേരോശ്‌രാജാവിന്റെ രണ്ടാമനും യെഹൂദന്മാരിൽ വെച്ചു മഹാനും സഹോദരസംഘത്തിന്നു ഇഷ്ടനും സ്വജനത്തിന്നു ഗുണകാംക്ഷിയും തന്റെ സർവ്വവംശത്തിന്നും അനുകൂലവാദിയും ആയിരുന്നു.എസ്തേർ 10:3.

ഈ രണ്ടു സാക്ഷ്യത്തിൽ ഒന്ന് എല്ലാ മനുഷ്യരെയും കുറിച്ച് ലോകം പറയും. അത് മായ്ച്ചു കളയാവതല്ല. നൂറ്റാണ്ടുകളായി യെഹോരാം, മൊർദെഖായി എന്നിവരെപ്പറ്റി നാം വായിക്കുന്നതുപോലെ നമ്മുടെ സാക്ഷ്യവും അനേക നാളുകൾ നിലനില്ക്കുവാൻ സാധ്യതയുണ്ട്. എന്റെ ജീവിതത്തെക്കുറിച്ച് മറ്റുള്ളവർ എന്തു പറയും? മറ്റുള്ളവർക്കായി എന്തു സാക്ഷ്യം ശേഷിപ്പിച്ചു ഞാൻ കടന്നുപോകും? ഇതൊന്നും മരണശേഷം നിശ്ചയിക്കാൻ സാദ്ധ്യം അല്ലല്ലോ. മരണം എപ്പോൾ സംഭവിക്കും എന്നും അറിയില്ല. അപ്പോൾ ഈ ഭൂവിൽ ലഭിക്കുന്ന ഓരോ നിമിഷവും എന്റെ സാക്ഷ്യം നന്നായിരിപ്പാൻ ഞാൻ ശ്രമിക്കേണ്ടതുണ്ട്.

ദൈവവചനം പറയുന്നു,'മനുഷ്യന്റെ ആയുസ്സ് 70 അല്ലെങ്കിൽ 80 വർഷം' എന്ന്. മാത്രമല്ല അത് വേഗം തീർന്നുപോകും. എനിക്കു ഇവിടെ ഒത്തിരിക്കാലം ഒന്നും ഇല്ല. ലോകത്തിൽ അനേകർ ഊണും ഉറക്കവും ഇല്ലാതെ ധനം സമ്പാദിപ്പാൻ, മക്കളെ ഉയർത്തുവാൻ, തങ്ങളുടെ പേര് വലുതാക്കാൻ, സ്ഥാനമാനങ്ങൾ നേടാൻ ഒക്കെ പരക്കം പായുകയാണ്. അതിനിടെ മറ്റുള്ളവരെ സ്നേഹിപ്പാനോ കരുതാനോ, എന്ന് തന്നെയല്ല ദൈവത്തെ വിളിപ്പാനോപോലും മറന്നു പോകുന്നു. ദൈവവചനം പിന്നെയും പറയുന്നു, 'ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസം അത്രെ'. ദൈവം നിനച്ചാൽ അടുത്ത നിമിഷം ഏതു വീരനും ബലവാനും ആയ മനുഷ്യനും താളടിയാകും.

മറ്റുള്ളവരുടെ വേർപാട് സമയത്തല്ല, ഇന്ന് ഞാൻ എന്നെത്തന്നെ ശോധന ചെയ്തു നല്ല സാക്ഷ്യം പ്രാപിക്കേണ്ടതിന് വേണ്ടതെല്ലാം ചെയ്യുവാൻ ദൈവം ബുദ്ധി ഉപദേശിക്കുന്നു. തീരുമാനം എന്റേത് മാത്രം. എന്ത് സാക്ഷ്യം ഞാൻ പ്രാപിക്കും? ഞാൻ ഒരു യെഹോരം ആയിരിക്കുമോ അതോ മൊർദെഖായി ആയിരിക്കുമോ? ഞാനും നിങ്ങളും മൊർദെഖായി ആകുവാൻ സർവശക്തൻ കൃപ തരട്ടെ.

********************************




**"I am the LORD who heals you"**

**Please pray for:**

**Mrs. Marykutty Thomas (Sist. Suja's Mom),**
**Bro. Jacob Alexander, Pr. Mathew Samuel, Bro. Babu Thannickal,**
**Sist. Shiny Chacko, Sam Mathew, Ammini George, Mariamma Johny (Kunjumol), Usha Danielkutty**
**Kiran (Dr. Jolly Mathew's granddaughter),**
**Nirmala (Friend of Snehalatha Nair) & all who are sick among us.**